**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതി വഴിയിൽ നിലച്ച് പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായും പദ്ധതി നടപ്പാക്കുന്നതിലെ തടസങ്ങൾ പരിഹരിക്കുന്നതിനായും ബന്ധപ്പെട്ട എം.എൽ.എ, ഭരണ വകുപ്പ്, പ്രസ്തുത പദ്ധതി നിർവഹണ ഏജൻസികൾ എന്നിവരുമായി കൃത്യമായ ഇടവേളകളിൽ കിഫ്ബി പദ്ധതി അവലോകന യോഗങ്ങൾ കൂടുന്നുണ്ട്. കിഫ്ബി പദ്ധതികളൊന്നും തന്നെ പാതിവഴിയിൽ ഉപേക്ഷിച്ചിട്ടില്ല. |
| (ബി) | വികസന പദ്ധതികൾക്കായി വായ്പ എടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. കിഫ്ബി എപ്പോൾ എത്ര തുക വായ്പയെടുക്കണം തുടങ്ങിയ തീരുമാനങ്ങൾ ഈ സംവിധാനം നൽകുന്ന സൂചനകളെ അടിസ്ഥാനമാക്കിയാണ്.<br><br>കൂടാതെ കിഫ് ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ട്രസ്റ്റീ ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) ന്റെ ഉപദേശ പ്രകാരമാണ് കിഫ്ബി അതിന്റെ നീക്കിയിരിപ്പ് തുക നിശ്ചയിക്കുന്നത്. കിഫ്ബിയുടെ ദൈനംദിന ചെലവുകൾക്കും പദ്ധതി ചെലവുകൾക്കും ഒരു നിശ്ചിതകാലത്തേക്ക് വേണ്ടിവരുന്ന തുക ഇത്തരത്തിൽ കൈവശം കരുതേണ്ടത് ഒരു ആവശ്യകതയാണ്. FTAC പുറപ്പെടുവിക്കുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റിൽ അടുത്ത 6 മാസക്കാലയളവിലേക്കുള്ള തിരിച്ചടവ് ഉൾപ്പെടെയുള്ള ചെലവുകൾക്ക് ആവശ്യമായ തുക കിഫ്ബിയുടെ കൈവശമുണ്ടെന്ന് സർട്ടിഫൈ ചെയ്യേണ്ടതായുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ലോണുകളുടെ കരാറിന്റെ ഭാഗമായി ഡെറ്റ് സർവീസ് റിസേർവ് അക്കൌണ്ട് (DSRA) സൂക്ഷിക്കേണ്ടതായുണ്ട്. ഈ അക്കൌണ്ടുകളിൽ ആവശ്യമായി വരുന്ന തുകകളും ഇത്തരത്തിൽ അധികമായി കരുതിവെക്കേണ്ട ഒന്നാണ്.<br><br>ലോൺ നടപടിക്രമങ്ങൾക്ക് അവശ്യമായി വരുന്ന കാലതാമസം മറ്റൊരു ഘടകമാണ്. ചില ലോൺ ചർച്ചകളും അവയുടെ നടപടിക്രമങ്ങളും ശരാശരി 6 മുതൽ 18 മാസം വരെ നീണ്ടുപോകാറുണ്ട്. ഇത് കണക്കിലെടുക്കുമ്പോൾ മതിയായ തുക കിഫ്ബിയുടെ കൈവശം മുൻകൂട്ടി ഉറപ്പാക്കേണ്ടത് അനിവാര്യതയാണ്.<br><br>മേൽസൂചിപ്പിച്ച പ്രകാരം കൈവശം വെച്ചിരിക്കുന്ന തുക കിഫ്ബി അതിന്റെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ (കാലാകാലങ്ങളിൽ പുതുക്കുന്നത്) സുരക്ഷിതമായ മികച്ച നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. വികസന പദ്ധതികൾക്കായി വായ്പ എടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമൊന്നുംതന്നെ നിലവിലില്ല. |
| (സി) | കൂടിയ പലിശയ്ക്ക് വിവിധ ഏജൻസികളിൽ നിന്ന് കടമെടുത്ത തുക കുറഞ്ഞ പലിശയ്ക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; ആയതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന അധിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. കിഫ്ബി എപ്പോൾ എത്ര തുക വായ്പയെടുക്കണം തുടങ്ങിയ തീരുമാനങ്ങൾ ഈ സംവിധാനം നൽകുന്ന സൂചനകളെ അടിസ്ഥാനമാക്കിയാണ്.<br><br>കൂടാതെ കിഫ് ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ട്രസ്റ്റീ ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) ന്റെ ഉപദേശ പ്രകാരമാണ് കിഫ്ബി അതിന്റെ നീക്കിയിരിപ്പ് തുക നിശ്ചയിക്കുന്നത്. കിഫ്ബിയുടെ ദൈനംദിന ചെലവുകൾക്കും പദ്ധതി ചെലവുകൾക്കും ഒരു നിശ്ചിതകാലത്തേക്ക് വേണ്ടിവരുന്ന തുക ഇത്തരത്തിൽ കൈവശം കരുതേണ്ടത് ഒരു ആവശ്യകതയാണ്. FTAC പുറപ്പെടുവിക്കുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റിൽ അടുത്ത 6 മാസക്കാലയളവിലേക്കുള്ള തിരിച്ചടവ് ഉൾപ്പടെയുള്ള ചെലവുകൾക്ക് ആവശ്യമായ തുക കിഫ്ബിയുടെ കൈവശമുണ്ടെന്ന് സർട്ടിഫൈ ചെയ്യേണ്ടതായുണ്ട്.<br><br>കൂടാതെ ലോണുകളുടെ കരാറിന്റെ ഭാഗമായി ഡെറ്റ് സർവീസ് റിസേർവ് അക്കൌണ്ട് (DSRA) |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കേണ്ടതായുണ്ട്. ഈ അക്കൌണ്ടുകളിൽ ആവശ്യമായി വരുന്ന തുകകളും ഇത്തരത്തിൽ അധികമായി കരുതിവെക്കേണ്ട ഒന്നാണ്.<br><br>ലോൺ നടപടിക്രമങ്ങൾക്ക് അവശ്യമായി വരുന്ന കാലതാമസം മറ്റൊരു ഘടകമാണ്. ചില ലോൺ ചർച്ചകളും അവയുടെ നടപടിക്രമങ്ങളും ശരാശരി 6 മുതൽ 18 മാസം വരെ നീണ്ടുപോകാറുണ്ട്. ഇത് കണക്കിലെടുക്കുമ്പോൾ മതിയായ തുക കിഫ്ബിയുടെ കൈവശം മുൻകൂട്ടി ഉറപ്പാക്കേണ്ടത് അനിവാര്യതയാണ്.<br><br>മേൽസൂചിപ്പിച്ച പ്രകാരം കൈവശം വെച്ചിരിക്കുന്ന തുക കിഫ്ബി അതിന്റെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ (കാലാകാലങ്ങളിൽ പുതുക്കുന്നത്) സുരക്ഷിതമായ മികച്ച നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. വികസന പദ്ധതികൾക്കായി വായ്പ എടുത്ത തുക ഉപയോഗിക്കാതെ അതിന് പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമൊന്നുംതന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ